(ജി) ഇല്ല.

(എച്ച്) ഭരണാനുമതി ബന്ധപ്പെട്ട വകുപ്പു നൽകേണ്ടതായിട്ടുണ്ട്.

കോഴിക്കോട് ജില്ലയിലെ വില്ലേജുമാൻ തസ്തികയിലെ ഒഴിവുകൾ

18 (1957) ശ്രീ. എ. സുജനപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ നിലവിൽ വില്ലേജുമാൻ തസ്തികയിൽ എത്ര ഒഴിവുകൾ നികത്താനുണ്ട് ;

(ബി) പ്രസ്തുത തസ്തികയിൽ പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ടോ ;

(സി) എങ്കിൽ പ്രസ്തുത ഒഴിവുകൾ നികത്താൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 45 ഒഴിവുകൾ നികത്താനുണ്ട്.

(ബി) നിലവിലുണ്ട്.

(സി) വകുപ്പുതലവൻ ഒഴിവുള്ള തസ്തികകൾ റിപ്പോർട്ട് ചെയ്യുന്നതനുസരിച്ച് സർക്കാർ തലത്തിൽ പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

പട്ടയവിതരണം

19 (1958) ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്രപേർക്ക് പട്ടയം നൽകിയയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(ബി) പട്ടയം നൽകുന്ന നടപടി ത്വരിതപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ നാളിതുവരെ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 1964-ലെ ഭൂമി പതിവ് ചട്ടങ്ങൾ, 1995-ലെ മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലേയ്ക്കുള്ള ഭൂമി പതിവ് ചട്ടങ്ങൾ, ലക്ഷംവീട് പദ്ധതി, പുനരധിവാസ ഭവന നിർമ്മാണ പദ്ധതി ഇവ പ്രകാരമുള്ള 6538 പട്ടയങ്ങളും മലയോര കർഷകർക്കുള്ള 6314 പട്ടയങ്ങളും സഹിതം ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ആകെ 12852 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly